# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## 2023-24 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട്

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
## 2023-24 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട്

2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഗ്രാമീണ മേഖലയിൽ അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം പരമാവധി 100 ദിവസത്തെ തൊഴിൽ ആവശ്യാധിഷ്ഠിതമായി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കേന്ദ്രസർക്കാരിന്റെ 2014 ജനുവരി മാസം മൂന്നാം തീയതിയിലെ എസ്.ഒ 19 (ഇ) നമ്പർ വിജ്ഞാപന പ്രകാരം 2015 തൊഴിലുറപ്പ് നിയമത്തിലെ പട്ടിക I, II പരിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ തൊഴിലുറപ്പ് നിയമം പരിഷ്കരിച്ചതു വഴി ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ ഉറപ്പാക്കുകയും അതു വഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിടുന്നു. മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾക്ക് ഊന്നൽ നൽകി കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതും ഗ്രാമീണ മേഖലയിലെ ദരിദ്രരുടെ വിഭവ അടിത്തറ ശക്തിപ്പെടുത്തി ദീർഘകാല അടിസ്ഥാനത്തിലുള്ള ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികളിലൂടെ ലക്ഷ്യമിടുന്നു.

പരിഷ്കരിച്ച തൊഴിലുറപ്പ് നിയമപ്രകാരം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം), ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സാകര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സാകര്യങ്ങൾ എന്നീ പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്.

പ്രസ്തുത പരിഷ്കരിച്ച തൊഴിലുറപ്പ് നിയമത്തിന്റെ ചുവട് പിടിച്ച് 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1036.76 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലേബർ ബഡ്ജറ്റാണ് SEGC അംഗീകരിച്ചത്. കേന്ദ്ര സർക്കാരിന്റെ എംപവേർഡ് കമ്മിറ്റിയിൽ സംസ്ഥാനത്തിന് 2023-24 സാമ്പത്തിക വർഷത്തിൻറെ ആദ്യ ഘട്ടത്തിൽ 600 ലക്ഷം തൊഴിൽ ദിനങ്ങൾ ഉൾപ്പെട്ട ലേബർ ബഡ്ജറ്റ് അംഗീകരിക്കുകയും ചെയ്തു. തൊഴിൽദിനങ്ങൾ അധികരിച്ചപ്പോൾ കേന്ദ്ര സർക്കാരിന്റെ എംപവേർഡ് കമ്മിറ്റിയിൽ 850 ലക്ഷം, 950 ലക്ഷം ആക്കി ഉയർത്തി ലേബർ ബഡ്ജറ്റ് പുതുക്കിനല്കുകയും ചെയ്തു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കേന്ദ്ര സർക്കാരിന്റെ എംപവേർഡ് കമ്മിറ്റി

ലേബർ ബഡ്ജറ്റ് 1050 ലക്ഷം ആക്കി ഉയർത്തി അംഗീകരിച്ചു നൽകി. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അംഗീകരിച്ചു ലഭ്യമായ 1050 ലക്ഷം തൊഴിൽ ദിനങ്ങൾ ഉൾപ്പെട്ട ലേബർ ബഡ്ജറ്റിന് ആനുപാതികമായി സംസ്ഥാനത്തിന് 994.59 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതിൽ 887.84 ലക്ഷം തൊഴിൽ ദിനങ്ങൾ സ്ത്രീകൾക്കാണ് ലഭിച്ചിട്ടുള്ളത്. ഇത് ആകെ സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങളുടെ 89.27% ആണ്. 2023-24 സാമ്പത്തിക വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട 1521639 കുടുംബങ്ങളിൽ 1521639 കുടുംബങ്ങൾക്ക് തൊഴിൽ അനുവദിക്കുകയും അതിൽ 1469201 കുടുംബങ്ങൾ തൊഴിൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 569108 കുടുംബങ്ങൾക്ക് സംസ്ഥാനത്ത് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി 5.62 ലക്ഷം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിൽ 40.97% തുകയും പ്രകൃതിവിഭവ പരിപാലന പ്രവൃത്തികൾക്കാണ് ചെലവഴിച്ചിട്ടുള്ളത്.

ഉപജീവന ഉപാധികൾ മെച്ചപ്പെടുത്തുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ പുനരുജ്ജീവന പദ്ധതികളായ സുഭിക്ഷകേരളം, ശുചിത്വകേരളം എന്നിവയുമായി തൊഴിലുറപ്പ് പദ്ധതിയെ ബന്ധിപ്പിച്ച് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന ഭൂവികസനം, ജലസേചനം, വർക്ക് ഷെഡ്ഡ്, ഗ്രാമച്ചന്ത എന്നിവയുടെ നിർമ്മാണം, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, തീറ്റപ്പുൽക്കൃഷി, അസോള ടാങ്ക്, കമ്പോസ്റ്റിംഗ് സംവിധാനം, മത്സ്യകുളം നിർമ്മാണം, മിനി എം.സി.എഫ്, സോക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി.

## 2023-24 സാമ്പത്തികവർഷത്തിൽ പദ്ധതിയിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളും ഉണ്ടായ നേട്ടങ്ങളും

- കാർഷിക ഉല്പാദനത്തിലും ജനങ്ങളുടെ വരുമാനത്തിലും സുസ്ഥിര വർദ്ധനവ് ലക്ഷ്യമാക്കിയുള്ള, നീർത്തടാധിഷ്ഠിത തത്വത്തിൽ ഊന്നിയുള്ള ഭൂവികസന ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി.
- പദ്ധതിയിൽ ഏർപ്പെട്ടുവരുന്ന പട്ടിക വർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനായി ട്രൈബൽ പ്ലസ് പദ്ധതി സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് ഇവരുടെ ഉയർന്ന പ്രാതിനിധ്യമുറപ്പാക്കാനും തൊഴിൽ ലഭ്യമാക്കി കൂടുതൽ വരുമാനമുറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.
- 13.37 ശതമാനം സാധനഘടക ഉപയോഗ ശതമാനം സാധ്യമാക്കി.

## 2023-24 സാമ്പത്തിക വർഷത്തെ അഭിമാനാർഹമായ ചുവടുവയ്പ്പ്

രാജ്യത്ത് തൊഴിലുറപ്പ് പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കഴിഞ്ഞ വർഷം പദ്ധതിനിർവ്വഹണത്തിന്റെ വിവിധ ഘടകങ്ങളിൽ കേരളം ദേശീയതലത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയുണ്ടായി:

| ഘടകം | ദേശീയം | കേരളം | സ്ഥാനം |
|---|---|---|---|
| ശരാശരി തൊഴിൽദിനങ്ങൾ | 52.09 | 67.7 | 2 |
| ശരാശരി തൊഴിൽദിനങ്ങൾ (SC) | 50.74 | 68.2 | 2 |
| ശരാശരി തൊഴിൽദിനങ്ങൾ (ST) | 54.96 | 96.5 | 1 |
| സ്ത്രീകൾക്ക് നൽകിയ തൊഴിൽദിനങ്ങൾ | 58.89 | 89.27 | 1 |
| 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെശതമാനം | 7.51 | 38.74 | 2 |
| 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ ശതമാനം (SC) | 6.94 | 36.51 | 1 |
| 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ ശതമാനം (ST) | 9.53 | 49.49 | 2 |

## 2023-24 സാമ്പത്തിക വർഷത്തെ ഭൗതിക പുരോഗതി

| | |
|---|---|
| ആക്ടീവ് തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം (ലക്ഷത്തിൽ) | 20 |
| ആക്ടിവ് തൊഴിലാളികളുടെ എണ്ണം (ലക്ഷത്തിൽ) | 23.68 |
| ആകെ ആക്ടീവ് തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പട്ടികജാതി തൊഴിലാളികളുടെ എണ്ണം (ശതമാനത്തിൽ) | 17.16 |
| ആകെ ആക്ടീവ് തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പട്ടികവർഗ്ഗ തൊഴിലാളികളുടെ എണ്ണം (ശതമാനത്തിൽ) | 5.54 |

| സാമ്പത്തിക നേട്ടം | 2023-24 |
|---|---|
| ആകെ ലഭ്യമായ കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | 308495.09 |
| ആകെ ലഭ്യമായ സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | 124.058 |
| ആകെ ലഭ്യമായ തുക (ലക്ഷത്തിൽ) | 332440.06 |
| ആകെ ചെലവ് (ലക്ഷത്തിൽ) | 396899.65 |
| ആകെ തുക വിനിയോഗം (ശതമാനത്തിൽ) | 119.39 |
| അവിദഗ്ധ വേതനം (ലക്ഷത്തിൽ) | 332436.72 |
| 15 ദിവസത്തിനുള്ളിൽ കൂലി ലഭ്യമാക്കിയിട്ടുള്ളതിൻറെ ശതമാനം | 99.38 |
| സാധനഘടക ഉപയോഗം (ശതമാനത്തിൽ) | 13.37 |

| Sl. No. | Nomenclature | Head of Account | Budget Allocation (Amount in lakh) | | | Expenditure (Amount in lakh) | | |
|---|---|---|---|---|---|---|---|---|
| | | | Central | State | Total | Central | State | Total |
| 1 | MGNREGP (Material Cost) (75% CSS) Central Share | 4515-00-103-97-01 (P) (V) | 68805 | 0 | **68805** | 37217.37 | 0 | **37217.37** |
| 2 | MGNREGP (Material Cost) (75% CSS) State Share | 4515-00-103-97-02 (P) (V) | 0 | 22935 | **22935** | 0 | 12405.79 | **12405.79** |
| 3 | MGNREGP (100% CSS) Administrative Expenses Central Share | 2505-02-101-99-01 (P) (V) | 30000 | 0 | **30000** | 18767.27 | 0 | **18767.27** |
| 4 | MGNREGP (100% CSS) Administrative Expenses State Share | 2505-02-101-99-02 (P) (V) | 0 | 75 | **75** | 0 | 15.91 | **15.91** |
| 5 | Additional State Assistance for disbursement of Festival Allowance | 2505-02-101-99-04 (P) (V) | 0 | 4496.38 | **4496.38** | 0 | 4496.38 | **4496.33** |
| 6 | MGNREGP (100%CSS)-Cluster Facilitation Project (CFP)-Central Share | 2505-02-101-99-05 (P)(V) | 40 | 0 | **40** | 0 | 0 | **0** |
| 7 | MGNREGP(100%CSS)-Unskilled Wages Central Share | 2505-02-101-99-06 (P) (V) | 334624 | 0 | **334624** | 266128.1 | 0 | **266128.08** |
| 8 | Delay Compensation | 2505-02-101-91 (P) (V) | 0 | 0 | **0** | 0 | 0 | **0** |
| 9 | Unemployment Allowance | 2505-02-101-92 (P) (V) | 0 | 0 | **0** | 0 | 0 | **0** |
| 10 | Social Audit Cell for Mahatma Gandhi NREGP-Other charges-Other items | 2505-02-101-97-34-03 (P) (V) | 2700 | 0 | **2700** | 1433.36 | 0 | **1433.36** |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | Welfare Scheme for workers. | 2505-02-101-88-10 (P)(V) | 0 | 0.1 | **0.1** | 0 | 0 | **0** |
| 12 | Stipend under Project UNNATI (100%CSS) | 2505-02-101-89 (P)(V) | 500 | 0 | **500** | 0 | 0 | **0** |
| | | **Total** | **436669** | **27506.5** | **464175** | **323546** | **16918** | **340464.11** |

### ഭൗതിക പുരോഗതി

| ഇനം | 2023-24 | 2022-23 | 2021-22 | 2020-21 |
|---|---|---|---|---|
| അംഗീകരിച്ച ലേബർ ബഡ്ജറ്റ് (തൊഴിൽ ദിനങ്ങളുടെ എണ്ണം ലക്ഷത്തിൽ) | 1050 | 950 | 1000 | 1000 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ(ലക്ഷത്തിൽ) | 994.59 | 965.75 | 1059.66 | 1011.08 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ ശതമാനം | 94.72 | 101.66 | 105.97 | 102.3 |
| സ്ത്രീ തൊഴിൽ ദിനങ്ങളുടെ ശതമാനം (ആകെ തൊഴിൽ ദിനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ) | 89.27 | 89.82 | 89.61 | 90.49 |
| ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 67.7 | 62.26 | 64.41 | 63.25 |
| നൂറ് ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 5,69,108 | 4,49,638 | 5,12,822 | 4,70,410 |
| ആകെ സൃഷ്ടിച്ച തൊഴിൽദിനങ്ങൾക്ക് ആനുപാതികമായി പട്ടികജാതി കുടുംബങ്ങൾക്ക് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം (ശതമാനത്തിൽ) | 17.87 | 18.47 | 18.31 | 18.41 |
| ആകെ സൃഷ്ടിച്ച തൊഴിൽദിനങ്ങൾക്ക് ആനുപാതികമായി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ തൊഴിൽദിനങ്ങൾ (ശതമാനത്തിൽ) | 7.46 | 6.9 | 6.34 | 6.54 |

### പ്രവൃത്തികൾ

| ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2023-24 |
|---|---|
| ആകെ ഏറ്റെടുത്ത പ്രവൃത്തികൾ ( (പുതിയവ+സ്പിൽ ഓവർ) (ലക്ഷത്തിൽ) | 5.62 |

| | |
|---|---|
| നിർവ്വഹണഘട്ടത്തിലുള്ള പ്രവൃത്തികളുടെ എണ്ണം (ലക്ഷത്തിൽ) | 2.59 |
| പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 3,02,838 |
| ആകെ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റെടുത്ത പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ (ശതമാനത്തിൽ ) | 26.96 |
| കാറ്റഗറി ബിയിലെ പ്രവൃത്തികൾ (ശതമാനത്തിൽ) | 36.19 |
| കൃഷി , കാർഷികാനുബന്ധ പ്രവൃത്തികളുടെ ചെലവിന്റെ ശതമാനം | 40.97 |

| ജില്ല | തൊഴിൽ ആവശ്യപ്പെട്ട | | തൊഴിൽ അനുവദിച്ച | | തൊഴിൽ ചെയ്ത | |
|---|---|---|---|---|---|---|
| | കുടുംബങ്ങൾ(എണ്ണം) | തൊഴിലാളികൾ(എണ്ണം | കുടുംബങ്ങൾ(എണ്ണം) | തൊഴിലാളികൾ(എണ്ണം | കുടുംബങ്ങൾ(എണ്ണം) | തൊഴിലാളികൾ(എണ്ണം |
| ആലപ്പുഴ | 152195 | 169628 | 152198 | 169634 | 148241 | 163640 |
| എറണാകുളം | 75523 | 83980 | 75523 | 83980 | 72790 | 80259 |
| ഇടുക്കി | 102774 | 138460 | 102771 | 138457 | 99237 | 131982 |
| കണ്ണൂർ | 93586 | 104338 | 93586 | 104339 | 89926 | 99145 |
| കാസറഗോഡ് | 77535 | 89983 | 77534 | 89981 | 74915 | 85992 |
| കൊല്ലം | 150550 | 169085 | 150547 | 169083 | 146736 | 163286 |
| കോട്ടയം | 60739 | 67496 | 60738 | 67495 | 59521 | 65680 |
| കോഴിക്കോട് | 154591 | 173642 | 154592 | 173641 | 148608 | 165597 |
| മലപ്പുറം | 92031 | 107788 | 92031 | 107787 | 88992 | 103072 |
| പാലക്കാട് | 161359 | 182818 | 161361 | 182824 | 154803 | 173531 |
| പത്തനംതിട്ട | 51295 | 59238 | 51294 | 59239 | 49709 | 56647 |
| തിരുവനന്തപുരം | 182299 | 203794 | 182302 | 203811 | 176299 | 194314 |
| തൃശ്ശൂർ | 101167 | 110253 | 101167 | 110256 | 96249 | 103838 |
| വയനാട് | 65995 | 78940 | 65995 | 78941 | 63175 | 74641 |

| | | | | | | |
|---|---|---|---|---|---|---|
| **ആകെ** | **1521639** | **1739443** | **1521639** | **1739468** | **1469201** | **1661624** |

| ജില്ല | അംഗീകരിച്ച തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | | | | 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾ | ശരാശരി തൊഴിൽ ദിനങ്ങൾ(ഒരു കുടുംബത്തിന്) |
|---|---|---|---|---|---|---|---|---|
| | | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | | |
| ആലപ്പുഴ | 11469802 | 1648678 | 60744 | 9503220 | 11212642 | 10488934 | 59350 | 75.64 |
| എറണാകുളം | 5391884 | 1029048 | 121729 | 3896458 | 5047235 | 4528707 | 28518 | 69.34 |
| ഇടുക്കി | 6431443 | 691885 | 1067268 | 4322641 | 6081794 | 4499075 | 23101 | 61.29 |
| കണ്ണൂർ | 6646829 | 270735 | 586647 | 5321063 | 6178445 | 5786828 | 37525 | 68.71 |
| കാസറഗോഡ് | 5162728 | 309355 | 887076 | 3629782 | 4826213 | 4394322 | 30799 | 64.42 |
| കൊല്ലം | 10509997 | 2025327 | 143016 | 7762026 | 9930369 | 8710372 | 67144 | 67.68 |
| കോട്ടയം | 4514971 | 619680 | 150339 | 3471477 | 4241496 | 3939064 | 24302 | 71.26 |
| കോഴിക്കോട് | 11741261 | 1395626 | 207963 | 9384422 | 10988011 | 10096543 | 76564 | 73.94 |
| മലപ്പുറം | 6300248 | 2066978 | 277145 | 3563957 | 5908080 | 5073016 | 35942 | 66.39 |
| പാലക്കാട് | 8658967 | 2489442 | 1215256 | 4731030 | 8435728 | 7488827 | 28891 | 54.49 |
| പത്തനംതിട്ട | 3728843 | 1011670 | 73384 | 2437856 | 3522910 | 3152477 | 18683 | 70.87 |
| തിരുവനന്തപുരം | 14087761 | 2306142 | 455911 | 10601323 | 13363376 | 12006625 | 85636 | 75.80 |
| തൃശ്ശൂർ | 5606288 | 1715367 | 101690 | 3478491 | 5295548 | 4802231 | 27235 | 55.02 |
| വയനാട് | 4748978 | 194108 | 2075126 | 2158302 | 4427536 | 3816588 | 25418 | 70.08 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **ആകെ** | 105000000 | 17774041 | 7423294 | 74262048 | 99459383 | 88783609 | 569108 | 67.70 |

**സംസ്ഥാന സർക്കാർ നടപ്പിലാക്കിയ മറ്റ് പ്രവർത്തനങ്ങൾ**

2022-23 സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ 449638 കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 1000/- രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഓണ സമ്മാനമായി നൽകി. ഇതിനായി 44.96 കോടി രൂപ ചെലവഴിച്ചു.

**കേരള ട്രൈബൽ പ്ലസ്**

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിനാണ് കേന്ദ്ര സർക്കാർ വേതനം ലഭ്യമാക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും, കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന 100 ദിവസത്തിന് ഉപരിയായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്ത് 34958 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആകെ 15.515 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചു. 38070 കുടുംബങ്ങൾ 100 ദിവസം പൂർത്തിയാക്കുകയും അതിൽ 5046 കുടുംബങ്ങൾ 200 ദിവസത്തെ തൊഴിൽ പൂർത്തിയാക്കുകയും ചെയ്തു. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികവരുമാനം ലഭ്യമാക്കിയതിലൂടെ ഇവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ തൊഴിലുറപ്പ് പദ്ധതി പ്രധാന പിന്തുണയായി മാറിയിരിക്കുകയാണ്.

2023-24 സാമ്പത്തിക വർഷം പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിലും, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും കൈവരിച്ച ജില്ലാതല പുരോഗതി.

| **ക്രമ നം** | **ജില്ല** | **തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം** | **തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം** | **സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം** | **100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം** |
|---|---|---|---|---|---|
| 1 | ആലപ്പുഴ | 719 | 532 | 60744 | 320 |
| 2 | എറണാകുളം | 2283 | 1339 | 121729 | 572 |

| | | | | | |
|---|---|---|---|---|---|
| 3 | ഇടുക്കി | 16404 | 11379 | 1067268 | 5058 |
| 4 | കണ്ണൂർ | 9654 | 6462 | 586647 | 2847 |
| 5 | കാസറഗോഡ് | 18637 | 10382 | 887076 | 4741 |
| 6 | കൊല്ലം | 1550 | 1143 | 143016 | 767 |
| 7 | കോട്ടയം | 4172 | 1761 | 150339 | 796 |
| 8 | കോഴിക്കോട് | 3335 | 1924 | 207963 | 1136 |
| 9 | മലപ്പുറം | 4183 | 2616 | 277145 | 1460 |
| 10 | പാലക്കാട് | 15423 | 10768 | 1215256 | 6467 |
| 11 | പത്തനംതിട്ട | 1777 | 993 | 73384 | 310 |
| 12 | തിരുവനന്തപുരം | 5451 | 3878 | 455911 | 2524 |
| 13 | തൃശ്ശൂർ | 1760 | 1053 | 101690 | 498 |
| 14 | വയനാട് | 36021 | 22695 | 2075125 | 10574 |
| **ആകെ** | | **121369** | **76925** | **7423293** | **38070** |

| ക്രമ നം | ജില്ല | ട്രൈബല് പ്ലസ് സ്കീമില് തൊഴില് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ട്രൈബല് പ്ലസ് സ്കീമില് തൊഴില് ചെയ്ത തൊഴിലാളികളുടെ എണ്ണം | സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം | ട്രൈബല് പ്ലസ് സ്കീമില് വേതന ഇനത്തിൽ വിതരണം ചെയ്ത തുക | ട്രൈബല് പ്ലസ് സ്കീമില് വേതന ഇനത്തിൽ കുടിശ്ശികയുള്ള തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2440 | 4653 | 131167 | 30653324 | 7684924 |
| 2 | കൊല്ലം | 683 | 1272 | 39613 | 11970777 | 56943 |
| 3 | പത്തനംതിട്ട | 283 | 434 | 10190 | 2885837 | 202460 |
| 4 | ആലപ്പുഴ | 306 | 454 | 19081 | 5763166 | 162227 |
| 5 | കോട്ടയം | 704 | 909 | 28953 | 8452000 | 387098 |
| 6 | ഇടുക്കി | 4658 | 9549 | 216581 | 49155965 | 2880431 |
| 7 | എറണാകുളം | 500 | 814 | 19667 | 5682550 | 200799 |
| 8 | തൃശ്ശൂർ | 412 | 1083 | 19682 | 5426196 | 492174 |
| 9 | മലപ്പുറം | 1316 | 2234 | 66184 | 15480795 | 3956040 |

| | | | | | | |
|---|---|---|---|---|---|---|
| 10 | പാലക്കാട് | 6239 | 10282 | 331535 | 82965130 | 18319169 |
| 11 | കോഴിക്കോട് | 1036 | 1438 | 58484 | 14784715 | 1852633 |
| 12 | വയനാട് | 9530 | 13575 | 355412 | 100567833 | 11660832 |
| 13 | കണ്ണൂർ | 2668 | 3977 | 114441 | 28924691 | 4653009 |
| 14 | കാസറഗോഡ് | 4183 | 6375 | 140476 | 29551082 | 12429670 |
| | **ആകെ** | **34958** | **57049** | **1551466** | **392264061** | **64938409** |

| ക്രമ നം | ജില്ല | 101 മുതൽ 150 ദിവസം വരെ തൊഴിൽ പൂർത്തിയാക്കിയ പട്ടിക വർഗ്ഗകുടുംബങ്ങൾ | 151 മുതൽ 175 ദിവസം വരെ തൊഴിൽ പൂർത്തിയാക്കിയ പട്ടിക വർഗ്ഗകുടുംബങ്ങൾ | 176 മുതൽ 199 ദിവസം വരെ തൊഴിൽ പൂർത്തിയാക്കിയ പട്ടിക വർഗ്ഗകുടുംബങ്ങൾ | 200 ദിവസം വരെ തൊഴിൽ പൂർത്തിയാക്കിയ പട്ടിക വർഗ്ഗകുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1231 | 436 | 790 | 500 |
| 2 | കൊല്ലം | 266 | 126 | 375 | 308 |
| 3 | പത്തനംതിട്ട | 207 | 29 | 49 | 35 |
| 4 | ആലപ്പുഴ | 129 | 46 | 135 | 96 |
| 5 | കോട്ടയം | 491 | 84 | 142 | 95 |
| 6 | ഇടുക്കി | 2729 | 824 | 1311 | 674 |
| 7 | എറണാകുളം | 334 | 71 | 135 | 39 |
| 8 | തൃശ്ശൂർ | 206 | 58 | 196 | 158 |
| 9 | പാലക്കാട് | 3189 | 979 | 2127 | 889 |
| 10 | മലപ്പുറം | 701 | 193 | 448 | 336 |
| 11 | കോഴിക്കോട് | 551 | 184 | 315 | 194 |
| 12 | വയനാട് | 6747 | 1340 | 1694 | 924 |
| 13 | കണ്ണൂർ | 1699 | 379 | 603 | 399 |
| 14 | കാസറഗോഡ് | 3180 | 395 | 609 | 399 |

| ആകെ | 21660 | 5144 | 8929 | 5046 |
|---|---|---|---|---|

2023-24 സാമ്പത്തിക വർഷം 35 കോടി രൂപ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പട്ടിക വർഗ്ഗ വികസന വകുപ്പ് വകയിരുത്തുകയും ടി തുക സംസ്ഥാനമിഷൻറെ ട്രൈബൽ പ്ലസ് പദ്ധതിയ്ക്കായുള്ള അക്കൌണ്ടിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ നീക്കിയിരിപ്പ് ഉൾപ്പെടെ 39.22 കോടി രൂപ 2023-24 വർഷം വേതനയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ പ്ലസ് പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷം പട്ടിക വർഗ്ഗ വിഭാഗത്തിലെ തൊഴിലാളികൾക്ക് 6.49 കോടി രൂപയുള്ള വേതന കുടിശ്ശിക ഉണ്ട്.

**സുഭിക്ഷ കേരളം**

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഉത്പാദന വർദ്ധനവിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സുഭിക്ഷകേരളം. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി അർഹരായ ഗുണഭോക്താക്കൾക്ക് സൌജന്യമായി വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകുന്നതിനുള്ള പരിപാടി തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്. തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, അസോള ടാങ്ക്, തീറ്റപ്പുൽ കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ആണ് ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്നത്. 2023-24 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| **പ്രവൃത്തി** | **2023-24 സാമ്പത്തിക വർഷം കൈവരിച്ച നേട്ടം** |
|---|---|
| കാലി തൊഴുത്തുകളുടെ എണ്ണം | 6026 |
| ആട്ടിൻ കൂടുകളുടെ എണ്ണം | 4263 |
| പൌൾട്രി ഷെഡുകളുടെ എണ്ണം | 5455 |
| കാർഷിക/മത്സ്യവളർത്തൽ കുളങ്ങൾ എണ്ണം | 1859 |
| തീറ്റപ്പുൽ കൃഷി (ഹെക്ടർ) | 388 Hectares |
| എസ്.എച്ച്.ജി വർക്ക് ഷെഡുകളുടെ എണ്ണം | 170 |

**ശുചിത്വകേരളം**

പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കും. ശുചിത്വ കേരളത്തിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റും. സോക് പിറ്റും മിനി എം.

സി.എഫ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്നു. 2023-24 സാമ്പത്തിക വർഷം കൈവരിച്ച നേട്ടം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 2023-24 സാമ്പത്തിക വർഷം കൈവരിച്ച നേട്ടം |
|---|---|---|
| 1 | കമ്പോസ്റ്റ് പിറ്റുകളുടെ എണ്ണം | 5800 |
| 2 | സോക് പിറ്റുകളുടെ എണ്ണം | 31773 |

**അംഗനവാടി നിർമ്മാണം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും വനിതാവികസന ശിശുക്ഷേമവകപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൈകോർത്താണ് അംഗൻവാടി നിർമ്മാണം നടപ്പിലാക്കി വരുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 8 ലക്ഷം രൂപയും, വനിതാ വികസന ശിശു ക്ഷേമ വകുപ്പിൽ നിന്നും 2 ലക്ഷം രൂപയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റിന് അനുസൃതമായി അവരുടെ വിഹിതങ്ങളും ഉൾപ്പെടുത്തിയാണ് നിർമ്മാണം നടത്തുന്നത്. 2023-24 സാമ്പത്തിക വർഷം വരെ ആകെ 473 അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**നീരുറവ്-സമഗ്ര നീർത്തട പരിപാലന പദ്ധതി**

നീർത്തട പദ്ധതികൾ രൂപപ്പെടുത്തൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ചിലവാക്കപ്പെടുന്ന തുകയുടെ 80 ശതമാനവും പ്രകൃതി വിഭവപരിപാലന പ്രവൃത്തികൾക്കാണ് ചിലവാക്കപ്പെടുന്നത്. ടി പ്രവൃത്തികൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് നീർത്തട അടിസ്ഥാനത്തിലുള്ള പദ്ധതി നിർവ്വഹണം അനിവാര്യമാണ്. ഒരു ഭൂമിയിൽ തന്നെ ആവർത്തിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും വരുന്ന 4-5 വർഷത്തേക്ക് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ ആവശ്യവും പരിഹരിക്കുന്നതിനും സമഗ്ര നീർത്തട പ്ലാൻ ഉപകരിക്കും. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ സമഗ്ര നീർത്തട പദ്ധതി ആയി ഏറ്റെടുക്കുന്നതിനാണ് നീരുറവ് പദ്ധതി ആവിഷ്കരിച്ചത്. ഇതിന്റെ ഭാഗമായി നീർത്തട പ്ലാൻ രൂപീകരണ പ്രവർത്തനനങ്ങൾ സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്കു പഞ്ചായത്തുകളിലും നീരുറവ് പദ്ധതിയുടെ സമഗ്രമായ നടത്തിപ്പിന് അഗ്രികൾച്ചറൽ എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്.

**വൃക്ഷത്തൈനടീൽ**

സംസ്ഥാനത്ത് സോഷ്യൽ ഫോറസ്ട്രീയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി

വനം വകുപ്പിന്റെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതിയിൽ നഴ്സറികൾ തയ്യാറാക്കി വൃക്ഷതൈകൾ ഉത്പാദിപ്പിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1951 നഴ്സറികളിൽ നിന്നായി ഉല്പാദിപ്പിച്ച 3014867 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

### GIS അധിഷ്ഠിത പ്ലാനിംഗ്

ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയ സമഗ്ര പ്ലാൻ രൂപികരണം. GIS അധിഷ്ഠിത നീർത്തട പ്ലാൻ രൂപീകരണ പ്രവർത്തനങ്ങൾ 941 ഗ്രാമപഞ്ചായത്തുകളിലും പൂർത്തീയാക്കിയിട്ടുണ്ട്.

### തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി

തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം 2021 ഉറപ്പു നൽകുന്ന ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി 2022 ഡിസംബർ 31-ലെ ഗസ്റ്റ് വിജ്ഞാപനം വഴി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രഥമയോഗം 01.03.2023 ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തിയിട്ടുള്ളതാണ്. ക്ഷേമനിധി ബോർഡിന് സംസ്ഥാന തലത്തിൽ ഓഫീസ് ആരംഭിച്ചിട്ടുണ്ട്. പ്രത്യേകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നെ ചുമതലപ്പെടുത്തി ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### വേതന വിതരണത്തിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരം (Delay Compensation)

രാജ്യത്തെ ഗ്രാമീണ മേഖലയിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 തൊഴിൽദിനങ്ങൾ ലഭ്യമാകണം എന്ന ഉദ്ദേശത്തോടെ പാർലമെന്റ് പാസ്സാക്കിയ നിയമം ആണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005. പ്രസ്തുത നിയമം ഒരു അവകാശാധിഷ്ഠിത നിയമം ആണ്. ടി നിയമം തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുതും തൊഴിൽ ചെയ്യുന്നതുമായ കുടുംബങ്ങൾക്ക് 10 അവകാശങ്ങൾ ഉറപ്പ് നൽകുന്നുണ്ട്. ടി അവകാശങ്ങൾ പ്രസ്തുത കുടുംബങ്ങൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്ക് ഉണ്ട്. തൊഴിൽ പൂർത്തീകരിച്ച് പതിനഞ്ച് ദിവസങ്ങൾക്കകം വേതനം ലഭ്യമാകണം എന്നത് തൊഴിലാളിയുടെ പ്രധാനപ്പെട്ട ഒരു അവകാശമാണ്. പ്രസ്തുത അവകാശം സംരക്ഷിക്കുന്നതിന് വേണ്ടിയാണ് "Delay Compensation Rules" തയ്യാറാക്കിയിട്ടുള്ളത്. 08.02.2023 ലെ സ.ഉ.(അച്ചടി) നം.14/2023, ത. സ്വ.ഭ.വ നമ്പർ വിജ്ഞാപനം പ്രകാരം Delay Compensation Rules അംഗീകരിച്ചിട്ടുണ്ട്.

2023-24 വർഷം വേതന വിതരണത്തിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരമായി 33204/- രൂപ ബന്ധപ്പെട്ട തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**തൊഴിലില്ലായ്മ വേതനം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ നൽകണമെന്ന് തൊഴിലുറപ്പ് നിയമം-2005 വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ വേതനം നൽകുന്നത് സംബന്ധിച്ച റൂൾ 05.02.2021 ലെ സ.ഉ.(അച്ചടി) നം.11/2021/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. യഥാസമയം തൊഴിലാളികൾക്ക് തൊഴിൽ നൽകാത്തതിനാൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനം നൽകേണ്ട സാഹചര്യം ഉണ്ടായാൽ ടി തുക നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2505-02-101- 92 എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നതും ആയത് തൊഴിലാളിക്ക് നൽകുന്നതും ആണ്. ഇപ്രകാരം നൽകിയ തുക ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം തിരികെ ഈടാക്കുന്നതാണ്. 2023-24 വർഷം തൊഴിലില്ലായ്മ വേതന ഇനത്തിൽ 2,64,898/- രൂപ ബന്ധപ്പെട്ട തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**സോഷ്യൽ ഓഡിറ്റ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് സെൽ രൂപികരിച്ചിട്ടുണ്ട്. ടി സെല്ലിന്റെ നേതൃത്വത്തിൽ ഓരോ വർഷവും സോഷ്യൽ ഓഡിറ്റ് നടത്തുന്നതും സാമ്പത്തിക ക്രമക്കേട് കണ്ടെത്തുന്നപക്ഷം ആയത് തിരികെ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. 2023-24 വർഷം 1996 കേസുകളിലായി 4948183/- ലക്ഷം രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തുകയും ടി തുക തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**ഓംബുഡ്സ്പേഴ്സൺ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓംബുഡ്സ്പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതല ഓംഓംബുഡ്സ്പേഴ്സൺമാരുടെ ഓഫീസിലെ അവാർഡിന്മേൽ അപ്പീൽ ഉള്ളപക്ഷം ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റിയും പ്രവർത്തിച്ചുവരുന്നു.

2023-24 സാമ്പത്തിക വർഷം ഓംബുഡ്സ്പേഴ്സൺമാരുടെ കാര്യാലയത്തിൽ ആകെ 1038 പരാതികൾ ലഭ്യമായിട്ടുണ്ട്. ഇവയിൽ 919 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ജില്ല** | **ലഭ്യമായ പരാതികളുടെ എണ്ണം** | **തീർപ്പാക്കിയ പരാതികളുടെ എണ്ണം** |
|---|---|---|---|
| 1 | ആലപ്പുഴ | 107 | 79 |
| 2 | എറണാകുളം | 36 | 28 |
| 3 | ഇടുക്കി | 108 | 101 |
| 4 | കണ്ണൂർ | 90 | 79 |
| 5 | കാസറഗോഡ് | 22 | 12 |
| 6 | കൊല്ലം | 78 | 56 |
| 7 | കോട്ടയം | 23 | 21 |
| 8 | കോഴിക്കോട് | 61 | 51 |
| 9 | മലപ്പുറം | 79 | 79 |
| 10 | പാലക്കാട് | 90 | 90 |
| 11 | പത്തനംതിട്ട | 53 | 44 |
| 12 | തിരുവനന്തപുരം | 199 | 192 |
| 13 | തൃശ്ശൂർ | 49 | 47 |
| 14 | വയനാട് | 43 | 40 |
| **ആകെ** | | **1038** | **919** |

# <u>വിജയഗാഥ</u>

**കണ്ണൂർ ജില്ല**

## കുറ്റിവയൽതോട് കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണം

**കണ്ണൂർ :-**കുത്തുപറമ്പ് ബ്ലോക്കിലെ പാട്യം ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജല സ്രോതസ്സുകൾ സംരക്ഷിക്കുവാനുള്ള പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തി വരുന്നുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പാറ, മണൽ, സിമന്റ് എന്നിവയ്ക്ക് പകരമായി പ്രകൃതി സൌഹാർദ്ദമായ കയർഭൂവസ്ത്രം ഉപയോഗിക്കുന്നു.



ജലസ്രോതസ്സുകൾ കയർഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിച്ചശേഷം അതത് പ്രദേശങ്ങൾക്ക് അനുയോജ്യമായ പുല്ല്/സസ്യ ഇനങ്ങൾ ഉപയോഗിച്ച് ജൈവപ്രബലനം നടത്തുന്നു. ഇപ്രകാരം ജൈവപ്രബലനം നടത്തിയ സസ്യാവരണത്തിന്റെ അതിജീവനം ഉറപ്പുവരുത്തുന്നു. മണ്ണ് പണി, കയർവാങ്ങൽ, വിരിക്കൽ, സസ്യങ്ങളുടെ നടൽ, പരിപാലനം, ഇതിനു വേണ്ട ചിലവുകൾ



എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 500Sqm കയർഭൂവസ്ത്രം ആണ് ഉപയോഗിച്ചത്. പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ എഞ്ചിനീയറിംഗ് വിഭാഗം കയർ വിരിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നല്കിയിട്ടുണ്ട്. 707 തൊഴിൽദിനങ്ങൾ അടങ്ങിയ ഈ പ്രവർത്തിയുടെ അടങ്കൽതുക 3,92,954/- ആണ്.

തദ്ദേശവാസികളായ സ്ത്രീകളാണ് ഈ പ്രവൃത്തി ചെയ്തത്. എടുത്ത് പറയാവുന്ന പ്രവർത്തനം നടത്തിയത് മേറ്റും തൊഴിലാളികളും കൂടിയാണ്. ഈ പ്രദേശത്ത് സമീപത്തുള്ള തോടിൽ നിന്നും വെള്ളം കൃഷിയിടങ്ങളിലൂടെ ഒഴുകി കൃഷിനാശം ഉണ്ടാവാറുണ്ട്.

ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയതിന്റെ ഫലമായി കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്നത് തടയാൻ സാധിച്ചിട്ടുണ്ടെന്നത് പദ്ധതിയുടെ വലിയ ഗുണമായി കരുതുന്നു.

**ആലപ്പുഴ ജില്ല**

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ നാളികേര നഴ്സറി

**ആലപ്പുഴ**:-കേരളത്തിൽ നൂറു ശതമാനം ഫലപ്രദമായി വിജയം കൈവരിച്ച നാണ്യവിളയാണ് നാളികേരം. കേരളീയരുടെ നിത്യജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകം എന്നതിലുപരി കേരളത്തിൻറെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം കൂടിയാണ് ഈ വിള. കേരളത്തിലെ കാലാവസ്ഥയും ഭൂപ്രകൃതിയും തെങ്ങ് കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമാണ്. പരിപാലന ചിലവ് കൂടിയതിനാലും കീടരോഗബാധയാൽ കൃഷി നഷ്ടം വന്നതിനാലും കീടരോഗബാധയാൽ കൃഷി നഷ്ടം വന്നതിനാലും മറ്റ് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ കൊണ്ടും






കേരളസമൂഹം തെങ്ങ് കൃഷിയിൽ നിന്നും പിൻമാറികൊണ്ടിരിക്കുകയാണ്. എന്നാൽ സമ്പദ് വ്യവസ്ഥയുടെ സ്ഥായിയായ നില നിൽപ്പിന് നാളികേരകൃഷി അത്യന്താപേക്ഷിതമാണ്.

ആയതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മലയൻ, കുള്ളൻ ഇനത്തിലുള്ള നാളികേര നഴ്സറികൾ തയ്യാറാക്കുന്നതിന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും 18 വാർഡുകളിലും

നഴ്സറികൾ തയ്യാറാക്കുകയും ചെയ്തു. ഓരോ വാർഡുകളിലും 550 വീതം ആകെ 9900 തൈകൾ ആണ് 18 വാർഡുകളിലായി നട്ടത്. ഒരു വിത്തിന് 4 രൂപ 50 പൈസ പ്രകാരം 550 വിത്തുകൾക്ക 2475 രൂപയും വളത്തിന് 2157 രൂപയും ബോർഡിന് 3000 രൂപയും 8 മാസത്തെ പരിപാലനത്തിനായി 315 തൊഴിൽ ദിനങ്ങൾക്ക് 98310 രൂപയും ചേർന്ന് ഒരു നഴ്സറിയ്ക്ക് 130967/രൂപയാണ് ചെലവായത്. അതായത് 18 നഴ്സറികൾക്കായി 23.57 ലക്ഷം രൂപ 2023-24 സാമ്പത്തീകവർഷം തൊഴിലുറപ്പ് പദ്ധതിയിനത്തിൽ ചെലവഴിക്കും. 95% ആണ് നഴ്സറിയുടെ ശരാശരി അതിജീവന ശതമാനം. അതായത് 8 മാസത്തിനകം മാറ്റിനടാൻ പാകമായ 552 തൈകൾ ഓരോ നഴ്സറിയിൽ നിന്നും ലഭ്യമാവും. 18 വാർഡുകളിലായി 9415 തൈകൾ മാറ്റിനടാൻ പാകത്തിന് ലഭിക്കും 5-ാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തൊഴിലുറപ്പ് പദ്ധതിയിലെ അർഹരായ ഗുണഭോക്താക്കൾക്ക് നട്ട് കൊടുക്കുന്നതാണ്. മറ്റൊരു തൊഴിലുറപ്പ് പ്രവർത്തിയായി അടുത്ത സാമ്പത്തീകവർഷം ഇതേറ്റെടുക്കും. ഒരു വാർഡില് അടുത്ത 4 വർഷത്തിനകം 525 മലയൻ പച്ചക്കുള്ളൻ തെങ്ങുകൾ കാ കായ്ഫലം ലഭ്യമാക്കാൻ ആരംഭിക്കും. 4-ാം വർഷം മുതൽ ഒരുതെങ്ങിൽ നിന്നും 30 രൂപ നിരക്കിൽ 100 തേങ്ങക്ക് 3000 രൂപ വരുമാനം കണക്കാക്കാം.



അതായത് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൻറെ 18 വാർഡുകളിലായി നട്ടുന്ന 9405 തൈകളിൽ നിന്ന് നാലാംവർഷം മുതൽ ഓരോവർഷവും 282.15 ലക്ഷം രൂപയുടെ വരുമാനം ലഭ്യമാവും. 23.57 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ നിന്നും ഓരോ വർഷവും 282 ലക്ഷം വരുമാനം ലഭിക്കുക എന്ന് പ്രാദേശിക സമ്പത്തീക വികസനത്തെ ലക്ഷ്യമാക്കിയുള്ള ഗ്രാമപഞ്ചായത്തിൻറെ വികസന കാഴ്ചപ്പാട് വ്യക്തമാക്കുന്നു .

**ഇടുക്കി ജില്ല**

**സ്വപ്നമായിരുന്ന കളിസ്ഥലം യാഥാർത്ഥ്യമായി ഇടുക്കി:-** മണക്കാട് ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി ഷട്ടിൽ കോർട്ട് നിർമ്മിച്ചു.





ഗ്രാമസഭയിൽ നിന്നും വന്ന നിർദ്ദേശ പ്രകാരം ടി വാർഡ് മെമ്പർ ശ്രീ ദിലീപ്കുമാർ പറഞ്ഞതനുസരിച്ച് ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുകയായിരുന്നു. പ്രവർത്തി സ്ഥലം അസിസ്റ്റൻറ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ. ജി.എ എഞ്ചിനീയർ,





വാർഡ് മെമ്പർ എന്നിവർ സന്ദർശിക്കുകയും എസ്റ്റിമേറ്റ് എടുക്കുകയും ചെയ്തു. പുതുപ്പരിയാരം കോളനി പരിസരത്താണ് ടി പ്രവർത്തി നടപ്പിലാക്കിയത്. കോളനി നിവാസികളുടെ ചിരകാല സ്വപ്നമായിരുന്ന കളിസ്ഥലം യാഥാർത്ഥ്യമാക്കുവാൻ സാധിച്ചു. കളിസ്ഥലം കോളനി നിവാസികളെ കൂടാതെ മണക്കാട് പഞ്ചായത്തിലെ എല്ലാ ആളുകൾക്കും ഒരുപോലെ ഉപയോഗപ്രദമാണ.് ഈ പ്രവർത്തി മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ സാധിച്ചത് വളരെ അഭിമാനകരമാണ്

കണ്ണൂർ ജില്ല

## ഉള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ സ്മാർട്ട് അംഗൻവാടി



**കണ്ണൂർ**:-കണ്ണൂർ ജില്ലയിലെ ഉള്ളിക്കൾ ഗ്രാമപഞ്ചായത്തിലെ കുരുന്നുകൾക്ക് വേണ്ടി സ്മാർട്ട് അംഗനവാടി രൂപീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾ മാതൃക



കാട്ടി.കുരുന്നുകൾക്കായി അംഗനവാടി കെട്ടിടത്തിൽ ഉള്ളിലായി തന്നെ നൂതന സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നു. കുരുന്നുകൾക്കായുള്ള മണിക്കടവ് ചപ്പകാരി അംഗനവാടി 2024 ജനുവരി 12 ന് അഡ്വക്കേറ്റ് സജീവ് ജോസഫ് MLA ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.











## കാസർഗോഡ് ജില്ല

### ഉദിനൂർ കൂലോം കുളം പുനരുദ്ധാരണം

**കാസർകോട്** :-നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന പടന്ന ഗ്രാമപഞ്ചായത്തിലെ ഉദിനൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രത്തിന് പുറത്ത് കൊളവയൽ പാടശേഖരത്തിൽ 40 സെന്റിലായി പരന്നു കിടക്കുന്ന കുളമാണ് ഉദിനൂർ കൂലോം കുളം. കൂലോം കുളം പടന്ന ഗ്രാമപഞ്ചായത്തിലെ തന്നെ വലിയ കുളങ്ങളിൽ ഒന്നാണ്.



200 വർഷത്തോളം പഴക്കം കണക്കാ ക്കുന്ന കൂലോം കുളം വേനൽക്കാലത്ത് പോലും വറ്റാത്ത കുളമാണ്. ഉദിനൂർ സെൻട്രൽ തെക്കുപുറം പ്രദേശങ്ങളിലെ കിണറുകൾ ഇന്നും ജലസമൃദ്ധമായിരിക്കുന്നതിന് ഒരു കാരണം ഈ ജലാശയമാണ്. കൂലോം കുളത്തിലെ വെള്ളം ഉപയോഗിച്ച് കൊളവയൽ പാടശേഖരത്തിൽ രണ്ട് വിള കൃഷി ചെയ്തിരുന്നു. എന്നാൽ 20 വർഷത്തിലേറെയായി ഉപയോഗ യോഗ്യമല്ലാതായ കുളം നാശത്തിന്റെ വക്കിലായിരുന്നു. കുളത്തിന്റെ പടവുകളും സംരക്ഷണഭിത്തികളും



തകർന്ന് നാശോന്മുഖമായിരി ക്കുകയായിരുന്നു. സംരക്ഷണവേലികൾ ഇല്ലാത്തതിനാൽ

ചെറിയ കുട്ടികൾ കളിക്കാൻ വന്ന് അപകടം നടക്കുന്നത് പതിവായിരുന്നു. തുടർന്ന് ക്ലോംകുളം സംരക്ഷിക്കണമെന്ന ആവശ്യം ഉന്നയിച്ച് ഒരു സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനം നടന്നു വരികയായിരുന്നു. ഈ സംരക്ഷണ സമിതിയുടെ ആവശ്യ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിന്മേലാണ് ക്ലോംകുളം അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതി നിർവഹണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ചുമതലപ്പെടുത്തി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ 10945366 രൂപയുടെ എസ്റ്റിമേറ്റിന് പഠന ഗ്രാമപഞ്ചായത്ത് ഭരണസമിതി 2022 ആഗസ്റ്റ് 20ന് ഭരണാനുമതി നൽകി. തുടർന്ന് 2022 ഡിസംബർ 31ന് കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകി.

2773 അവിദഗ്ധ തൊഴിൽ ദിനങ്ങളും 1955 വിദഗ്ധ തൊഴിൽ ദിനങ്ങളും ഉപയോഗപ്പെടുത്തി പൂർത്തീകരിച്ച ഈ പ്രവർത്തിക്ക് ആകെ 1,01,74,133 രൂപ ചെലവായി. ഇതിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 72,92,059 രൂപ ചെലവഴിച്ചു.

ഈ പ്രവർത്തിയിൽ ഉൾപ്പെടുത്തി കുളത്തിൽ അടിഞ്ഞ് കൂടിയ ചളി നീക്കം ചെയ്ത്



തകർന്ന പടവുകളും സംരക്ഷണ ഭിത്തിയും പൊളിച്ച് മാറ്റി പുതിയ സംരക്ഷണ ഭിത്തിയും പടവുകളും നിർമ്മിച്ചു. കുളത്തിന് ചുറ്റുമുള്ള സ്ഥലം ഇൻറർലോക്ക് ചെയ്ത് സംരക്ഷണ ഭിത്തിയും ചുറ്റുമതിലും നിർമ്മിച്ചു. മഴക്കാലത്ത് അധിക വെള്ളം ഒഴിക്കി വിടുന്നതിനുള്ള ഔട്ട് ലെറ്റും കുളിപ്പുര അടക്കമുള്ള ഒരു പ്രധാന പ്രവേശന കവാടവും 8 ചെറു കവാടങ്ങളും നിർമിച്ചു. പ്രധാന പ്രവേശന കവാടത്തിൽ കൈവരിയും ചെറു കവാടങ്ങളിൽ ഗേറ്റും നിർമ്മിച്ച് സംരക്ഷണം ഉറപ്പുവരുത്തി.

4 മീറ്ററോളം ആഴമുള്ള കുളത്തിന് 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുണ്ട്. ഈ കുളം നവീകരിച്ചതിലൂടെ പരിസരത്തുള്ള ഏക്കർ കണക്കിന് സ്ഥലത്ത് 2 വിള നെൽകൃഷിയും ഇടവിളകൃഷിയായി പച്ചക്കറിക്കൃഷിയും ചെയ്യാൻ സാധിക്കും. കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനും നാട്ടുകാർക്ക് പ്രഭാത/സായാഹ്ന സവാരി കൾക്കും കുളവും പരിസരവും ഉപയോഗിക്കാം. വേനൽകാലത്ത് കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തിലെ മറ്റ് സ്ഥലങ്ങളിലേക്ക് വെള്ളം വിതരണം ചെയ്യാനും കുളം ഉപയോഗപ്പെടുത്താം.



**മലപ്പുറം ജില്ല**

## പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്
## മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

ബ്ലോക്ക് : പെരുമ്പടപ്പ്

ഗ്രാമപഞ്ചായത്ത് : മാറഞ്ചേരി

വാർഡ്: XIV

ആസ്തിയുടെ പേര്: പച്ചത്തുരുത്ത്

ആസ്തിയുടെ സ്ഥാനം (അക്ഷാംശവും രേഖാംശവും) : പനമ്പാട് പടിഞ്ഞാറ് (10.7433453,75.957621)

NREGA വർക്ക് ഐഡി: 1605009002/DP/351296

ഗുണഭോക്താവിൻറെ പേര്, വിലാസം, ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ (വ്യക്തിഗത ആസ്തിയുടെ കാര്യത്തിൽ):AMLP സ്കൂൾ പനമ്പാട്

ചെലവ്: 19980/രൂപ

പ്രവൃത്തി ആരംഭിക്കുന്ന തീയതി:10/10/2023

പ്രവൃത്തി അവസാനിക്കുന്ന തീയതി: 16/10/2023

സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ : 60

നടപ്പാക്കുന്ന ഏജൻസിയുടെ പേര്: ഗ്രാമപഞ്ചായത്ത്

GRS, ടെക്നിക്കൽ അസിസ്റ്റൻറ്/ജൂനിയര് എഞ്ചിനീയറുടെ പേരും മൊബൈൽ നമ്പറും: ശ്രീജിത്ത് വി എർ 9846420451

**പദ്ധതിയുടെ അവലോകനം.**

മാറഞ്ചേരി ഗ്രാമപ്പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിയ ഹരിത പദ്ധതിയാണിത്. വാർഡ് 14- ൽ പനമ്പട് വെസ്റ്റ് എ.എം.എൽ.പി സ്കൂൾ കോമ്പൗണ്ടിലാണ് ഈ പ്രവൃത്തി നടക്കുന്നത്. പച്ച തുരുത്തിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു. പച്ച തുരുത്ത് സംരക്ഷിക്കാൻ ചുറ്റം ജൈവവേലി നിയമിച്ചിട്ടുണ്ട്.ഇവിടുത്തെ സ്കൂൾ ഗ്രൂപ്പുകൾക്ക് പാരിസ്ഥിതിക പരിസ്ഥിതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രദേശം വിഭാവനം ചെയ്യുന്നത്

സംസ്ഥാന സർക്കാർ ഹരിത പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച പച്ചത്തുരുത്ത് പദ്ധതി20 സെൻറോളം വരുന്ന സ്ഥലം മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും ചേർന്ന് ഏകോപിപ്പിച്ച്,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഹരിത ഇടമോ പാർക്കോ നിർമ്മിക്കുന്നതിന് ഈ പദ്ധതി ആവേശത്തോടെ ഉപയോഗിക്കുന്നു.

## നടപ്പാക്കൽ പ്രക്രിയ

എംജിഎൻആർഇജിഎസ് പദ്ധതിക്കു കീഴിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പച്ചത്തുരുത്തിന് ആവശ്യമായ സ്ഥലം തിരഞ്ഞെടുത്തു.തുടർന്ന് പ്രദേശങ്ങളിൽ നിന്ന് ആവശ്യമായ തൈകൾ ശേഖരിച്ചു. എസ്റ്റിമേറ്റ് പ്രകാരം, 9 തൊഴിലാളികൾ 7 ദിവസങ്ങളിലായി ഏർപ്പെട്ടിരുന്നു. ഇന്നും ഇത് നാട്ടുകാരും സ്കൂൾ അധ്യാപകരും നിരീക്ഷിക്കുന്നു.

## Impact

1.60 പ്രവൃത്തി ദിനങ്ങൾ സൃഷ്ടിച്ചു.

2. പുതിയൊരു പച്ചത്തുരുത്ത് ഉണ്ടാക്കാം.

3. പരിസ്ഥിതിയെക്കുറിച്ചും ജൈവ ആവാസവ്യവസ്ഥയെക്കുറിച്ചും അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു.

4. ഫലവൃക്ഷങ്ങളുടെ ഒരു കൂട്ടം സൃഷ്ടിക്കാൻ സാധിച്ചു.

5. സ്കൂൾ കുട്ടികൾക്കായി ജൈവ പൂന്തോട്ടം സൃഷ്ടിച്ചു.

BEFORE



**DURING**





AFTER




